പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 5980 28-03-2018 - ൽ മറുപടിയ്ക്ക്

## ലീഗൽ മെട്രോളജി വകുപ്പിന്റെ പ്രവർത്തനം

ചോദ്യം മറുപടി

ശ്രീ. എം. സ്വരാജ്: ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ ലീഗൽ മെട്രോളജി വകുപ്പിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദമാക്കാമോ; | (എ) | ലീഗൽ മെട്രോളജി വകുപ്പിൽ 21 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.<br>സീനിയർ സൂപ്രണ്ട് (കൺട്രോളറാഫീസ്) - 1<br>ജൂനിയർ സൂപ്രണ്ട് (ഡെപ്യൂട്ടി കൺട്രോളറാഫീസുകൾ) - 3<br>ഹെഡ് ക്ലാർക്ക് (കൺട്രോളറാഫീസ്) - 1<br>ക്ലാർക്ക് (ഫ്ളൈയിംഗ് സ്ക്വാഡ് ) - 10<br>ക്ലാർക്ക് (ഇന്റേണൽ ഓഡിറ്റ് വിംഗ് ) - 3<br>ക്ലാർക്ക് (ഡെപ്യൂട്ടി കൺട്രോളറാഫീസുകൾ)-3<br>• തിരുവനന്തപുരം പട്ടത്തെ വകുപ്പിന്റെ ഹെഡ് ക്വാർട്ടേഴ്സ് ആന്റ് ലബോറട്ടറി കോംപ്ലക്സ് ഏഴ് നില കെട്ടിടത്തിന്റെ സിവിൽ വർക്കുകൾ പൂർത്തിയായി. ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ്, ഇന്റീരിയർ വർക്ക്സ് തുടങ്ങിയവ കൂടി പൂർത്തിയാക്കി 2018 മെയ് മാസത്തിൽ ടി കെട്ടിടം വകുപ്പിന് ഉപയോഗ യോഗ്യമാക്കുന്നതാണ്.<br>• കൊല്ലത്ത് ആധുനിക ലബോറട്ടറി സൗകര്യങ്ങളോടു കൂടിയ ജില്ലാ ഓഫീസ് കെട്ടിട സമുച്ചയത്തിന്റെ നിർമ്മാണം ആരംഭിച്ചു.<br>• പുതുതായി 14 ടാറ്റാ സുമോ ഗോൾഡ് വാഹനങ്ങൾ അനുവദിച്ചു.<br>• ജ്വല്ലറികളിൽ വിൽക്കുന്ന സ്വർണ്ണാഭരണങ്ങളുടെ ശുദ്ധത പരിശോധിച്ച് സാക്ഷ്യപ്പെടുത്തി നൽകുന്നതിനായി വകുപ്പിന്റെ കീഴിൽ ഹാൾ മാർക്കിംഗ് സെന്ററുകൾ |

| | | | |
|---|---|---|---|
| | | | ആരംഭിക്കുന്നതിന് സാമ്പത്തിക സഹായത്തിനായി കേന്ദ്ര സർക്കാരിന് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.<br><br>• വകുപ്പിന്റെ ഓഫീസ് നിർമ്മാണത്തിനായി കോട്ടയം ജില്ലയിൽ സ്ഥലം ലഭ്യമാക്കിയിട്ടുണ്ട്. കേന്ദ്ര ഫണ്ട് ലഭ്യമാക്കുന്നതിനായി പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.<br>• കാസർഗോഡ്, പാലക്കാട് ജില്ലകളിൽ ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനു വേണ്ട സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.<br>• എറണാകുളം കാക്കനാട് ലീഗൽ മെട്രോളജി ഭവനിൽ പ്രവർത്തിക്കുന്ന ഗോൾഡ് പ്യൂരിറ്റി ടെസ്റ്റിംഗ് ലാബിന് NABL അക്രഡിറ്റേഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| (ബി) | ലീഗൽ മെട്രോളജി വകുപ്പിന്റെ പ്രവർത്തനം കൂടുതൽ പ്രയോജനപ്രദവും സുതാര്യവും അഴിമതി രഹിതവും ആക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം അറിയിക്കുമോ? | (ബി) | • നിയമ ലംഘനങ്ങൾ ചിത്രങ്ങളായോ വീഡിയോ ആയോ സന്ദേശങ്ങളായോ പൊതുജനങ്ങൾക്ക് ബന്ധപ്പെട്ട ലീഗൽ മെട്രോളജി ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽപ്പെടുത്തി സത്വര പരിഹാരം തേടുന്നതിന് "സുതാര്യം" എന്ന ഒരു മൊബൈൽ ആപ്ലിക്കേഷൻ ആരംഭിച്ചിട്ടുണ്ട്.<br>• വകുപ്പിന്റെ സേവനങ്ങളായ ലൈസൻസ്, പായ്ക്കർ രജിസ്ട്രേഷൻ തുടങ്ങിയവ ലീഗൽ മെട്രോളജി ഓപ്പറേഷൻസ് മാനേജ്മെന്റ് സിസ്റ്റം (LMOMS) പദ്ധതിയിലൂടെ പൊതു ജനങ്ങൾക്ക് ഓൺലൈനായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.<br>• പൊതു ജനങ്ങൾക്ക് വകുപ്പിനെ സംബന്ധിച്ച സംശയങ്ങൾ ദൂരീകരിക്കുന്നതിനും പരാതികൾ നൽകുന്നതിനും ടോൾ ഫ്രീ നമ്പരോടുകൂടി കാൾ സെന്റർ ആരംഭിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.<br>• വകുപ്പിന്റെ വാഹനങ്ങളിൽ ജി.പി.എസ് സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. ഇതിലൂടെ പരാതിക്കാരന്റെ ഏറ്റവും അടുത്തുള്ള നിർവ്വഹണ ഉദ്യോഗസ്ഥൻ വ്യാപാര |

| | | | |
|---|---|---|---|
| | | | സ്ഥാപനം പരിശോധിച്ച് പരാതിയ്ക്ക് പരിഹാരം കാണുന്നതാണ്.<br>• ലീഗൽ മെട്രോളജി വകുപ്പിൽ ഐ.ടി. സെൽ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു.<br>• ആരോഗ്യ മേഖലയിൽ ഉപയോഗിച്ചു വരുന്ന അളവു - തൂക്ക ഉപകരണങ്ങളുടെ കൃത്യത ഉറപ്പുവരുത്തുന്നതിനായിപരിശോധന സജ്ജമാക്കി.<br>• പെട്രോൾ പമ്പുകളിലെ ക്രമക്കേടുകൾ കണ്ടെത്തുന്നതിന് രാത്രികാല മിന്നൽ പരിശോധനകൾ ആരംഭിച്ചു.<br>• ഉപഭോക്തൃ ചൂഷണം തടയുന്നതിനായി ഓരോ മേഖലയും കേന്ദ്രീകരിച്ച് സ്പെഷ്യൽ ഡ്രൈവുകൾ നടത്തി വരുന്നുണ്ട്.<br>• നിർവ്വഹണ ഉദ്യോഗസ്ഥരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി നിരന്തരമായ പരിശീലനം നൽകുന്നു. ലീഗൽ മെട്രോളജി നിയമങ്ങളെക്കുറിച്ചും വകുപ്പിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും ഉപഭോക്താക്കളെ ബോധവാന്മാരാക്കുന്നതിനായി എഫ്.എം.റേഡിയോയിലുൾപ്പെടെ പരസ്യങ്ങൾ നൽകി വരുന്നു.<br>• ഉപഭോക്തൃ ബോധവൽക്കരണത്തിനായി എല്ലാ പഞ്ചായത്തുകളിലും റേഡിയോ കിയോസ്കുകൾ ആരംഭിക്കുന്നതിതനായി കേന്ദ്ര സർക്കാരിന് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ